റിട്ടേണിന്റെ കാര്യത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള നടപടികളെടുക്കുമോ; മണ്ണുത്തി മുതൽ വാളയാർ വരെയുള്ളാരു റീച്ച് ഇപ്പോൾ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് എന്നത്തേക്ക് തീർക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇതിന്റെ ജോലി സംബന്ധിച്ച് പീരിയോഡിക്കലായിട്ടുള്ള പല റിവ്യൂ മീറ്റിംഗുകളും നടക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികളും അതിൽ പങ്കെടുക്കുന്നുണ്ട്. തീർച്ചയായും അതിന്റെ പണിയിൽ പുരോഗതിയുണ്ട്. സമയബന്ധിതമായി അത് തീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ അതുസംബന്ധിച്ച litigates നിലവിലുണ്ട്. ആ കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് അതിനുള്ള നഷ്ടപരിഹാര തുക നൽകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 93-ഉം ചോദ്യം നമ്പർ 101-ഉം ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. മാത്യു റ്റി. തോമസ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ക്ലബ്ബ് ചെയ്യുന്നു.

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

3 (*93) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : സർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകൾ വഴി എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു ; ഇപ്പോൾ എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) ചില സാധനങ്ങൾ ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂടിയ വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന എന്തെങ്കിലും പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി 31-7-2012 വരെ ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, പീസ് പരിപ്പ്, ബോധന അരി, ഉലുവ, കടുക്, ജീരകം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. 1-8-2012 മുതൽ സബ്സിഡി സാധനങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ജയ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്നു.

(ബി) ഇല്ല. സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ വില താഴ്ത്തിയാണ് വിൽപ്പനവില നിശ്ചയിച്ചിരിക്കുന്നത്.

(സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(1) ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും എല്ലാ മാസവും ഡിപ്പോ തലത്തിൽ നടത്തുന്ന അവലോകന മീറ്റിംഗുകളും വഴി മാവേലി സ്റ്റോറുകളുടെ പ്രവർത്ത നക്ഷമത ഉയർത്തുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്നുണ്ട്.

(2) ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് റീജിയണൽ തലത്തിലും ഹെഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.

(3) ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/സൂപ്പർമാർക്കറ്റ് തലത്തിലും ഔട്ട്ലെറ്റ് ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ഇതിൽ അംഗമാണ്. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് വിൽപ്പന ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തും. പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(4) മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് മാനേജർമാർക്ക് അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(5) സ്ഥലപരിമിതികൾ ഉള്ളതും ആവശ്യത്തിന് അവശ്യ വസ്തുക്കൾ സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതുമായ മാവേലി സ്റ്റോറുകൾ സ്ഥല സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേക്ക് മാറ്റുവാനും നടപടികൾ എടുത്തുവരുന്നു.

(6) 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണവുമുള്ള സൂപ്പർ മാർക്കറ്റുകളാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

സപ്ലൈകോ ഷോപ്പുകളിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ

4 (*101) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : സർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം തടയുന്നതിന് പൊതുവിപണിയിലുള്ള ഇടപെടൽ സപ്ലൈകോ, മാവേലി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഏതു പരിധിവരെ നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സപ്ലൈകോ പൊതുവിതരണ ഷോപ്പുകളിൽ കമ്പോളവിലയിൽ നിന്നും ഗണ്യമായ വിലക്കുറവില്ലാതെ പലവ്യഞ്ജനങ്ങൾ വിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുമൂലം സപ്ലൈകോയിൽ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly